പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3429

22.08.2017 ൽ
മറുപടിക്ക്

## ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ആയഞ്ചേരി, തിരുവള്ളൂർ എന്നീ പഞ്ചായത്തുകളും, വേളം പഞ്ചായത്തിലെ ചേരാപുരം, പൂളക്കൽ പ്രദേശവും നിലവിൽ വടകര, നാദാപുരം, കുറ്റ്യാടി എന്നീ പോലീസ് സ്റ്റേഷനുകളുടെ പരിധിയിലാണ് ഉൾപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മുകളിൽ സൂചിപ്പിച്ച പ്രദേശങ്ങളിൽ നിന്ന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെത്താൻ 20 കിലോമീറ്ററും അതിലധികവും യാത്ര ചെയ്യണമെന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | |
| സി) പൊതുവെ സംഘർഷഭരിതമായ പ്രസ്തുത പ്രദേശങ്ങളിൽ പോലീസിന് അടിയന്തരമായി എത്തിച്ചേരുന്നതിനും സാധാരണ ജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ എത്തിച്ചേരുന്നതിനും നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| ഡി) എങ്കിൽ ആയതിനു പരിഹാരമായി ആയഞ്ചേരി ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; | (ഡി) യും (ഇ) യും ആയതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടില്ല. സംസ്ഥാന പോലീസ് മേധാവിതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ